**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2388** **21-06-2024 - ൽ മറുപടിയ്ക്ക്**

**എക്സ്സൈസ് വകുപ്പിന്റെ ശാക്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | എക്സ്സൈസ് വകുപ്പിൽ സമീപകാലത്ത് നടന്ന ടെമ്പററി പ്രൊമോഷനുകൾ റെഗുലറൈസ് ചെയ്യുന്നതിനുള്ള നടപടികൾ എപ്പോൾ പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ; | (എ) | എക്സൈസ് വകുപ്പിലെ പ്രിവന്റീവ് ഓഫീസർ മുതൽ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ വരെയുള്ള തസ്തികകളിലെ സീനിയോറിറ്റി ലിസ്റ്റ് വിവിധ കോടതി വ്യവഹാരങ്ങൾ മൂലം പ്രസിദ്ധീകരിക്കാൻ സാധിക്കാത്തതിനാൽ പ്രസ്തുത തസ്തികകളിൽ സർക്കാർ അനുമതിയോടെ താൽക്കാലിക സ്ഥാനക്കയറ്റമാണ് നൽകി വരുന്നത്. ടി കോടതി വ്യവഹാരങ്ങൾ തീർപ്പാക്കുന്ന മുറയ്ക്ക് സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും താൽക്കാലിക സ്ഥാനക്കയറ്റം ക്രമീകരിക്കുകയും ചെയ്യുന്നതാണ് |
| (ബി) | മയക്കുമരുന്ന് ഉപയോഗവും വിൽപ്പനയും വ്യാപകമായ സാഹചര്യത്തിൽ ഇതിനെതിരെയുള്ള ഇന്റലിജൻസ് വിവര ശേഖരണത്തിനായി ജില്ലാതലത്തിൽ എക്സ്സൈസ് ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തുമോ; | (ബി) | എക്സൈസ് വകുപ്പിൽ ജില്ലാതല ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി 14 സർക്കിൾ ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കുന്നതിനായി എക്സൈസ് കമ്മീഷണർ സമർപ്പിച്ച ശുപാർശ പരിശോധിക്കുകയും 14 സർക്കിൾ ഇൻസ്പെക്ടർ തസ്തിക ഇപ്പോൾ അനുവദിക്കാനാവില്ല എന്ന വിവരം എക്സൈസ് കമ്മീഷണറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | മയക്കുമരുന്ന് കേസുകൾ വർധിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത കേസുകളിൽ പഴുതടച്ചുള്ള അന്വേഷണം നടത്തുന്നതിനും പ്രതികൾക്ക് അർഹമായ ശിക്ഷ വാങ്ങി നൽകുന്നതിനുമായി മയക്കുമരുന്ന് കേസുകൾ അന്വേഷിക്കാൻ നിലവിലുള്ള ക്രൈംബ്രാഞ്ച് ജില്ലാ തലത്തിൽ രൂപീകരിക്കുമോ? | (സി) | എക്സൈസ് വകുപ്പിൽ രൂപീകരിച്ച ക്രൈംബ്രാഞ്ച് വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിനായി പതിനാല് ജില്ലകളിലായി 14 ജില്ലാതല എക്സൈസ് ക്രൈംബ്രാഞ്ച് യൂണിറ്റുകൾ രൂപീകരിക്കുന്നതിനായി എക്സൈസ് കമ്മീഷണർ സമർപ്പിച്ച ശുപാർശ പരിശോധിക്കുകയും ആയത് ഇപ്പോൾ പരിഗണിക്കുവാൻ കഴിയുകയില്ലെന്ന് എക്സൈസ് കമ്മീഷണറെ അറിയിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ